## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 10.01.2024 മുതൽ 14.01.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 02/2024, (03) ചൊവ്വാഴ്ച | തീയ്യതി 09/01/2024 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ജനുവരി 03 മുതൽ 2024 ജനുവരി 09 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2024 ജനുവരി 10 മുതൽ ജനുവരി 14 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 03/01 | 04/01 | 05/01 | 06/01 | 07/01 | 08/01 | 09/01 | തീയ്യതി | | 10/01 | 11/01 | 12/01 | 13/01 | 14/01 |
| 0.0 | 0.0 | 94.0 | 27.8 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 2 | 0.1 | 0 | 0 | 0 |
| 32.1 | 31.2 | 32.4 | 31.5 | 32.7 | 32.2 | 32.4 | ഉയർന്ന താപനില (°C) | | 32 | 33 | 33 | 33 | 33 |
| 24.4 | 24.6 | 23.3 | 23.6 | 24.5 | 24.5 | 25.9 | കുറഞ്ഞ താപനില (°C) | | 26 | 25 | 27 | 27 | 27 |
| Partially cloudy | Cloudy | Cloudy | Partially cloudy | Partially cloudy | Cloudy | Cloudy | AM | Cloudy | Overcast | Cloudy | Cloudy | Partially cloudy | Partially cloudy |
| Cloudy | Overcast | Cloudy | Cloudy | Partially cloudy | Cloudy | | PM | | | | | | |
| 79 | 79 | 90 | 85 | 79 | 72 | 80 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 90 | 90 | 90 | 90 | 90 |
| 57 | 56 | 73 | 55 | 63 | 60 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 67 | 67 | 67 | 67 | 67 |
| 8.2 | 5.4 | 6.2 | 3.4 | 4.6 | 5.0 | 9.2 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 2 | 2 | 2 | 2 |
| NNE | NNE | ENE | NNE | NNE | NNE | ENE | AM | SW | NNE | NNE | ESE | NNE | NNE |
| NE | NE | C | NNE | NNE | ENE | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/01/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 121.8 | 121.8 | 121.8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാനും സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

**പൊതുനിർദേശങ്ങൾ:** കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിലെ ഈർപ്പം സംരക്ഷിക്കാൻ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. ആക്രമണം രൂക്ഷമാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| വാഴ | ബോറോൺ അഭാവം | വരണ്ട കാലാവസ്ഥയിൽ മണ്ണിൽ ബോറോണിന്റെ അഭാവം കാണുന്നതിനാൽ വാഴയിൽ ഒരു ഗ്രാം ബോറാക്സ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക . |
| കുരുമുളക് | പൊള്ളു രോഗം | അന്തരീക്ഷ ആർദ്രത കൂടുമ്പോൾ കുരുമുളക് ചെടികളിൽ പൊള്ളുരോഗം കാണാൻ സാധ്യതയുണ്ട്. തോട്ടത്തിലെ തണൽ ക്രമീകരിക്കുകയും, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും ചെയ്യുക. കൂടാതെ കാർബൻഡാസിം, മാങ്കൊസെബും ഒരു ഗ്രാം എന്ന തോതിൽ കലർത്തി ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാവുന്നതാണ്. |

മൃഗസംരക്ഷണം:-. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കു എതിരെ അതീവ ജാഗ്രത പുലർത്തുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക .(CAADECCS KVASU, Mannuthy)